മുദ്രകൾ

# 'ബാൾക്കനിൽ ഇപ്പോൾ നടക്കുന്നത് സാംസ്കാരിക യുദ്ധം'

*ഒട്ടേറെ പീഡനപർവങ്ങളിലൂടെ കടന്നുപോയവരാണ് ബോസ്നിയ-ഹെർസഗോവിനയിലെ മുസ്‌ലിംകൾ. മുക്കാൽ നൂറ്റാണ്ട് നീണ്ട ശാരീരികവും സാംസ്കാരികവുമായ ഉന്മൂലന ശ്രമങ്ങളെ അതിജീവിച്ചാണ് അവർ നിലനിന്നത്. അതിനവർക്ക് കരുത്തും ഊർജവും പകർന്നത് ജംഇയ്യത്തുശ്ശുബ്ബാനിൽ മുസ്‌ലിമീൻ (മുസ്‌ലിം യുവജന സംഘടന) എന്ന കൂട്ടായ്മയായിരുന്നു. മുസ്‌ലിം സ്വത്വസംരക്ഷണത്തിന് രൂപീകരിക്കപ്പെട്ട ബാൾക്കനിലെ ആദ്യത്തെ സംഘടന. ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ മാതൃകയിൽ 1939-ലാണ് ഇത് രൂപീകരിക്കപ്പെട്ടത്.*

*പേര് 'യുവജന സംഘടന' എന്നാണെങ്കിലും ഇത് യുവജനങ്ങൾക്ക് മാത്രമുള്ള സംഘടനയല്ല. ബോസ്നിയയിലെ ഇസ്‌ലാമിക മുന്നേറ്റങ്ങൾക്കും ചെറുത്തുനിൽപുകൾക്കും നേതൃത്വം നൽകി വന്നത് ഈ മാതൃകാ സംഘടനയായിരുന്നു. 78-കാരനായ ഉമർ ബഹ്‌മൻ ആണ് ഇപ്പോൾ അതിന്റെ അധ്യക്ഷൻ. 1944-ലാണ് അദ്ദേഹം ആദ്യമായി തടവിലാക്കപ്പെട്ടത്. തടവ് പതിനൊന്ന് വർഷം നീണ്ടു. 1983-ൽ വീണ്ടും അറസ്റ്റ്. 1990-ൽ അലി ഇസ്സത്ത് ബെഗോവിച്ചിനോടൊപ്പം ഡെമോക്രാറ്റിക് ലേബർ പാർട്ടി കെട്ടിപ്പടുക്കുന്നതിൽ നേതൃപരമായ പങ്കുവഹിച്ചു. പാർട്ടിയുടെ ദേശീയ ഉപാധ്യക്ഷനും സരെയാവോയിലെ അധ്യക്ഷനുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1999 മുതൽ ജംഇയ്യത്തുശ്ശുബ്ബാനിൽ മുസ്‌ലിമീന്റെ അധ്യക്ഷനാണ്. അദ്ദേഹവുമായി അൽ മുജ്തമഅ് വാരിക നടത്തിയ അഭിമുഖത്തിൽനിന്ന്:*

**ചോ:** ജംഇയ്യത്ത് രൂപീകരിക്കാനുണ്ടായ കാരണങ്ങൾ?

**ഉ:** ഉസ്മാനിയാ ഖിലാഫത്തിന്റെ തകർച്ചക്കു ശേഷം അതിന്റെ കീഴിലുണ്ടായിരുന്ന രാജ്യങ്ങളിലെ മുസ്‌ലിംകളുടെ ഇസ്‌ലാമിക വ്യക്തിത്വവും സംസ്കാരവും തകർക്കാൻ ആസൂത്രിത ശ്രമങ്ങളാണ് നടന്നത്. ബോസ്നിയ-ഹെർസഗോവിനയിലെ മുസ്‌ലിം ചെറുപ്പക്കാരെ പഠനത്തിന് അയച്ചിരുന്നത് ബെൽഗ്രേഡിലേക്കും സഗ്‌രിബിലേക്കുമായിരുന്നു. മദ്യപിക്കാനും പന്നിയിറച്ചി തിന്നാനും അധാർമികതകളിൽ മുഴുകാനും എല്ലാ സൗകര്യവും അവർക്ക് ചെയ്തുകൊടുക്കും. അവരെ സാംസ്കാരികമായി നശിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇത്തരം നീക്കങ്ങൾക്കെതിരിലുള്ള പ്രതികരണം എന്ന നിലയിലാണ് 1939 മാർച്ചിൽ ജംഇയ്യത്ത് രൂപീകരിക്കപ്പെടുന്നത്.

രണ്ടാം ലോകയുദ്ധം മുൻ യുഗോസ്ലാവിയൻ പ്രദേശങ്ങളിൽ കടക്കുന്നത് 1941-ലാണ്. യുദ്ധത്തിന്റെ മറവിൽ സെർബ്-ക്രോട്ട് വംശീയവാദികൾ മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാനാണ് ശ്രമിച്ചത്. ജംഇയ്യത്ത് ശക്തമായി ചെറുത്തുനിന്നു. അക്കാലത്താണ് കിഴക്കൻ ബോസ്നിയയിലെ ഫൂജാ കൂട്ടക്കൊല നടന്നത്. ആ പ്രദേശത്തെ മുഴുവൻ മുസ്‌ലിംകളും കൂട്ടക്കശാപ്പിന് ഇരയായി. അവരുടെ മൃതദേഹങ്ങൾ ആഴ്ചകളോളം സംസ്കരിക്കപ്പെടാതെ കിടന്നു. പതിനായിരം മുസ്‌ലിംകളെങ്കിലും യുദ്ധവേളയിൽ ഇങ്ങനെ കൊല്ലപ്പെട്ടിട്ടുണ്ടാവും.

വംശീയ ഉന്മൂലനത്തിനെതിരെ ഞങ്ങൾ 'സ്വബ്ഗിയാ' എന്ന മുന്നണിക്ക് രൂപം നൽകുകയുണ്ടായി. ഈ വാക്കിന്റെ അർഥം 'വാൾ' എന്നാണ്. ജംഇയ്യത്തിൽ അംഗമല്ലാത്തവരും എന്നാൽ യുഗോസ്ലാവിയൻ പ്രസിഡന്റ് ജോസഫ് ടിറ്റോയുടെ 'പാർട്ടിസാൻ' എന്ന കമ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് അകന്നുനിൽക്കുന്നവരുമായ ധാരാളം ബോസ്നിയക്കാർ ഈ മുന്നണിയിൽ ചേർന്നു. അങ്ങനെ ടിറ്റോയും ഞങ്ങളും ശത്രുക്കളായി.

രണ്ടാം ലോകയുദ്ധം കഴിഞ്ഞപ്പോൾ ധാരാളം സംഘങ്ങൾ യുദ്ധക്കുറ്റവാളികളായി പിടിക്കപ്പെട്ടു. എന്നാൽ ബോസ്നിയൻ മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ച സംഘങ്ങൾക്കെതിരെ നടപടിയൊന്നും ഉണ്ടായില്ല. മുസ്‌ലിംകളെ തുർക്കിയിലേക്ക് പലായനം ചെയ്യിക്കാനും ടിറ്റോ ശ്രമിക്കുകയുണ്ടായി.

**ചോ:** ടിറ്റോയുടെ കാലത്ത് മുസ്‌ലിംകൾ വംശീയ ഉന്മൂലനത്തിന് ഇരകളായില്ല എന്ന് ചില ചരിത്രകാരന്മാർ വാദിക്കുന്നുണ്ടല്ലോ?

**ഉ:** 1878-ൽ തുർക്കികൾ ബാൾക്കനിൽനിന്ന് പിൻവാങ്ങിയതിനു ശേഷം

അഭിമുഖം

**ഉമർ ബഹ്‌മൻ**



മുസ്‌ലിംകളെ ശാരീരികമായി ഉന്മൂലനം ചെയ്യാൻ നിരന്തരം ശ്രമങ്ങളുണ്ടായി. അത്തരം ശ്രമങ്ങൾ ടിറ്റോയുടെ കാലത്ത് ഉണ്ടായില്ലെന്നത് ശരിയാണ്. പക്ഷേ, അവരെ സാംസ്കാരികമായി നശിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂടിയത് ടിറ്റോവിന്റെ കാലത്താണ്. എഴുപതുകളുടെ മധ്യം വരെ ഇസ്‌ലാമിക പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുള്ള അനുവാദം യുഗോസ്ലാവിയയിൽ ഉണ്ടായിരുന്നില്ല. ഇസ്‌ലാമിക വിദ്യാലയങ്ങൾ അടച്ചുപൂട്ടി. 1946-'49 കാലയളവിൽ യുഗോസ്ലാവിയൻ ഭരണകൂടം നാൽപതിനായിരം മുസ്‌ലിംകളെയാണ് തടവിലാക്കിയത്. ഭൂരിഭാഗവും ജംഇയ്യത്തിന്റെ ആളുകൾ. അവരുടെ കൂട്ടത്തിൽ ബെഗോവിച്ചും ഉണ്ടായിരുന്നു. 1949-ലാണ് ജംഇയ്യത്ത് പ്രവർത്തകർക്കെതിരെയുള്ള കുപ്രസിദ്ധമായ സരെയാവോ വിചാരണ. ജംഇയ്യത്തിന്റെ പ്രമുഖരായ നാല് പേരെയാണ് വിചാരണക്കൊടുവിൽ വധശിക്ഷക്ക് വിധിച്ചത്.

**ചോ:** അലി ഇസ്സത്ത് ബെഗോവിച്ച് ജംഇയ്യത്തിന് നൽകിയ സേവനങ്ങളെക്കുറിച്ച്?

**ഉ:** ബോസ്നിയൻ ചരിത്രത്തിലെ ഏറ്റവും തിളക്കമുള്ള വ്യക്തിത്വമാണ് ബെഗോവിച്ച് (അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ). മഹാനായ ഒരു സാംസ്കാരിക നായകൻ. ജംഇയ്യത്തിന്റെ മാത്രം നേതാവായി അദ്ദേഹത്തെ കാണുന്നത് ശരിയല്ല. ബോസ്നിയക്കും ലോക ഇസ്‌ലാമിക ചിന്തക്കും അദ്ദേഹം പുതിയ ദിശാബോധം നൽകുകയുണ്ടായല്ലോ.


**ചോ:** ബോസ്നിയയിലെ പണ്ഡിത ▶

# സ്പാനിഷ് പുരോഹിതന്റെ ഏറ്റുപറച്ചിൽ

**അധിനിവേശകരുടെ** കൊടുംക്രൂരതകൾ മറച്ചുവെച്ച് അവരെ വിമോചകരും മനുഷ്യസ്നേഹികളും പരിഷ്കർത്താക്കളുമായി അവതരിപ്പിക്കുന്ന കാപട്യമാണ് നവോത്ഥാനത്തിനു ശേഷമുള്ള യൂറോപ്പ് കഴിഞ്ഞ നാലഞ്ച് നൂറ്റാണ്ടുകളായി തുടർന്നുപോരുന്നത്. മൂന്നാം ലോകത്തുള്ളവർ അതേറ്റുപാടുക മാത്രമായിരുന്നു. അമേരിക്കയിൽ പാശ്ചാത്യ അധിനിവേശത്തിനും അങ്ങനെ റെഡ് ഇന്ത്യക്കാരുടെ കൂട്ടക്കുരുതിക്കും നേതൃത്വം നൽകിയ കൊളംബസ് അമേരിക്ക 'കണ്ടുപിടിച്ച്' മഹാനായി ഇന്നും നമ്മുടെ ക്ലാസ്മുറികളിൽ പഠിപ്പിക്കപ്പെടുന്നത് അതുകൊണ്ടാണ്. സ്പാനിഷ് അധിനിവേശകരുടെ ക്രൂരതകൾ അനാവരണം ചെയ്യുന്ന ദൃക്സാക്ഷി വിവരണങ്ങൾ അക്കാലത്തു തന്നെ രേഖപ്പെടുത്തിയിരുന്നെങ്കിലും, അവയൊന്നും ചരിത്രരചനക്ക് അവലംബിക്കപ്പെടുകയുണ്ടായില്ല. അവഗണിക്കപ്പെട്ട അത്തരമൊരു കൃതിയാണ് സ്പാനിഷ് പുരോഹിതനായ Bartolomede de Las Casas പതിനാറാം നൂറ്റാണ്ടിന്റെ മധ്യത്തിൽ എഴുതിയ 'കൂട്ടക്കശാപ്പ് ചെയ്യപ്പെട്ട റെഡ് ഇന്ത്യക്കാർ' എന്ന പുസ്തകം.

സ്പെയിനിലെ സെവില്ല പട്ടണത്തിൽ 1484-ൽ ആണ് കാസസ് ജനിച്ചത്. പതിനെട്ടാം വയസ്സിൽ സ്പാനിഷ് നാവികരുടെ കൂടെ 'പുതിയ ലോകം' കാണാനായി അദ്ദേഹം ഇറങ്ങിത്തിരിച്ചു. മനുഷ്യസ്നേഹിയായ ഈ പുരോഹിതന് അമേരിക്കൻ വൻകരയിൽ അതിഭീകരമായ മനുഷ്യക്കുരുതിക്കാണ് ദൃക്സാക്ഷിയാവേണ്ടിവന്നത്. 1542-ൽ താൻ കണ്ട ചോര മരവിക്കുന്ന ദൃശ്യങ്ങൾ കടലാസിലേക്ക് പകർത്തി സ്പാനിഷ് രാജാവ് ഫിലിപ്പ് രണ്ടാമന് സമർപ്പിച്ചു. താൻ പറഞ്ഞുവിട്ട 'പര്യവേക്ഷകർ' കാട്ടിക്കൂട്ടുന്നത് രാജാവും അറിയട്ടെ എന്ന ഉദ്ദേശ്യത്തോടെയായിരുന്നു ഇത്.

ഹിസ്പാനോ (ഇന്നത്തെ ഹെയ്ത്തി) നിവാസികളെക്കുറിച്ച് പുസ്തകത്തിൽ പറയുന്നു: "വളരെ നല്ല മനുഷ്യരാണ് ഇവിടെ ജീവിക്കുന്നത്. ക്ഷമാലുക്കൾ, വിനയാന്വിതർ. എന്താവശ്യം പറഞ്ഞാലും അവർ സാധിപ്പിച്ചുതരും. ചതിയോ കുതന്ത്രമോ കുറ്റകൃത്യങ്ങളോ ഒന്നും അറിയില്ല. ആർത്തി തീരെയില്ല. നഗ്നത മറയ്ക്കാൻ ഒരു തുണ്ട് തുണി മാത്രമേ അവരുടെ ശരീരത്തിലുള്ളൂ... സ്പെയിൻകാർ ഈ തദ്ദേശവാസികളെ കണ്ടതും വിശന്ന ചെന്നായ്ക്കളെപ്പോലെ അവരുടെ മേൽ ചാടിവീണു. ദിവസങ്ങളോളം ഭക്ഷണം കിട്ടാതെ വലഞ്ഞ സിംഹങ്ങളും പുലികളും ആട്ടിൻപറ്റത്തെ കണ്ടപോലെയായിരുന്നു അവരുടെ ആക്രമണം. സ്പെയിൻകാർ പിന്നീട് ആക്രമണം നിർത്തുകയുണ്ടായില്ല. ഇന്നും അത് തുടരുന്നു. കാലുകുത്തിയേടത്തെല്ലാം അവർ തദ്ദേശവാസികളെ കൊല്ലുകയും പീഡിപ്പിക്കുകയും ചെയ്തുവന്നു."




കൂട്ടക്കൊലകൾക്ക് ദൃക്സാക്ഷിയായ പുരോഹിതൻ കണക്കുകളും നൽകുന്നുണ്ട്: "സ്പെയിൻകാർ ഹിസ്പാനിയോള (ഹെയ്ത്തി) ദ്വീപ് കീഴടക്കുമ്പോൾ അവിടത്തെ നിവാസികളുടെ എണ്ണം ഏതാണ്ട് മൂന്ന് മില്യൻ ആയിരുന്നു. ഇന്നിപ്പോൾ അവിടെ 200 പേരേ ജീവിച്ചിരിപ്പുള്ളൂ. ക്യൂബ ദ്വീപിന്റെ കാര്യവും വളരെ കഷ്ടംതന്നെ. അവിടെ ജീവിക്കാൻ പറ്റാതായിട്ടുണ്ട്. പോർട്ടോറിക്കാ, ജമൈക്ക ദ്വീപുകളിലും ഇതാണ് അവസ്ഥ.... നാൽപത് കൊല്ലത്തിനിടയിൽ ക്രൈസ്തവർ നടത്തിയ അതിക്രമങ്ങളിൽ സ്ത്രീകളും കുട്ടികളുമടക്കം പന്ത്രണ്ട് മില്യൻ കൊല്ലപ്പെട്ടുവെന്ന് സ്പെയിൻകാരെക്കുറിച്ച് നല്ലത് വിചാരിക്കുന്നവർ തന്നെ കണക്കാക്കിയിട്ടുണ്ട്. എന്റെ കണക്ക് പ്രകാരം മരണസംഖ്യ പതിനഞ്ച് മില്യനാണ്. മതിയായ തെളിവുകളും എനിക്ക് ഹാജരാക്കാനുണ്ട്.

വഴിയരികിൽ കൂട്ടിയിട്ട ചണ്ടിക്കൂമ്പാരം പോലെയാണ് സ്പെയിൻകാർ തദ്ദേശവാസികളെ കണ്ടിരുന്നതെന്ന് കാസസ് രോഷംകൊള്ളുന്നു. മൃഗങ്ങളുടെ പരിഗണന പോലും അവർക്ക് കൊടുത്തിരുന്നില്ല. അതേസമയം സ്പെയിൻകാർ സ്വർഗത്തിൽനിന്നെത്തിയവരാണ് എന്ന ഉദാത്ത വിചാരമായിരുന്നു തദ്ദേശീയർക്ക്.

"മുന്നിൽ കാണുന്നവരെയൊക്കെ കൊല്ലുകയായിരുന്നു സ്പെയിൻകാർ. സ്ത്രീകളെന്നോ കുട്ടികളെന്നോ നവജാത ശിശുക്കളെന്നോ വ്യത്യാസമില്ല. സ്ത്രീകളുടെ വയറുകൾ കുത്തിക്കീറി. കൈക്കുഞ്ഞുങ്ങളെ അമ്മമാരിൽനിന്ന് പിടിച്ചുവാങ്ങി കാലുകൾ കൂട്ടിപ്പിടിച്ച് അവരെ പാറയിൽ അടിച്ചുകൊന്നു. ചിലപ്പോൾ കുട്ടികളെ പുഴയിലേക്കെറിഞ്ഞ് അവരോട് അട്ടഹസിക്കും; നീന്തിക്കയറടാ മോനേ."

'ഇതെല്ലാം ഞാൻ നേരിൽ കണ്ടതാണ്' പുരോഹിതൻ തുടരുന്നു: "ചില തദ്ദേശവാസികൾ അതിക്രമങ്ങളിൽനിന്ന് രക്ഷപ്പെടാനായി പർവത പ്രദേശങ്ങളിൽനിന്ന് അഭയം തേടി. അവരെ വേട്ടയാടാനായി പ്രത്യേകം പരിശീലനം കിട്ടിയ നായകളെ അഴിച്ചുവിടുകയായിരുന്നു. ഇത്തരം കൂട്ടക്കൊലകളിൽ ഈ നായക്കൂട്ടങ്ങൾക്ക് വലിയൊരു പങ്കുണ്ട്."

താൻ സാക്ഷിയായ നിരവധി സംഭവങ്ങൾ കാസസ് പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്. ഇതിന്റെ തുടർച്ചകളാണ് ഗ്വാണ്ടനാമോയിലും അബൂഗുറൈബിലും മറ്റും അരങ്ങേറുന്നത്. ■

---

▶ സംഘടന, ഡെമോക്രാറ്റിക് ലേബർ പാർട്ടി എന്നിവയുമായി ജംഇയ്യത്തിന്റെ ബന്ധം?

**ഉ:** 1990-ൽ ജംഇയ്യത്തിന്റെ തന്നെ മേൽനോട്ടത്തിൽ രൂപീകരിച്ചതാണ് ഡെമോക്രാറ്റിക് ലേബർ പാർട്ടി. അതിന്റെ ഭൂമിക കുറേകൂടി വിശാലമാണ്. മതപരിഗണനകളില്ലാതെ എല്ലാവർക്കും അതിൽ അംഗത്വം നൽകുന്നുണ്ട്. പണ്ഡിത സംഘടന നേരിട്ട് രാഷ്ട്രീയത്തിൽ ഇടപെടുന്നില്ല. ഇസ്‌ലാമിക വിദ്യാഭ്യാസം, പള്ളികളുടെ പരിപാലനം തുടങ്ങിയ കാര്യങ്ങളിലാണ് അത് ശ്രദ്ധിക്കുന്നത്.

**ചോ:** ബാൾക്കനിലെ മുസ്‌ലിംസമൂഹം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി?

**ഉ:** ബാൾക്കനിൽ സൈനികയുദ്ധം അവസാനിച്ചെങ്കിലും, സാംസ്കാരികയുദ്ധത്തിന് തുടക്കം കുറിച്ചുകഴിഞ്ഞിരിക്കുന്നു. മേഖലയിൽനിന്ന് ഇസ്‌ലാമിക പാരമ്പര്യം തുടച്ചുനീക്കുകയാണ് ഇതിന്റെ ലക്ഷ്യം. ■